II.ഇ.ബി. XII--കേരള നിയമസഭ/V--2

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ-സംഗ്രഹം

2007 ജൂൺ 20, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

10 (*31&40) കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ട് കേന്ദ്രത്തിന് നിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അഞ്ച് ജില്ലകൾക്കായുള്ള പ്രത്യേക പാക്കേജിൽ 7624.05 കോടി രൂപയും ആലപ്പുഴ, ഇടുക്കി ജില്ലകൾക്കായുള്ള പ്രത്യേക പാക്കേജിൽ 1153.37 കോടി രൂപയും നാളികേരം, കുരുമുളക്, ഏലം, കശുമാവ് എന്നിവയുടെ ഉൽപ്പാദനത്തിനും വികസനത്തിനും കാർഷിക കയറ്റുമതിക്കുമായി 8041 കോടി രൂപയും കാർഷികോൽപന്നങ്ങളുടെ സംസ്ക്കരണത്തിനായി 3.68 കോടി രൂപയും ധനസഹായമായി ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക മേഖലയിൽ കേന്ദ്രം പ്രഖ്യാപിച്ച 25,000 കോടി രൂപയുടെ പദ്ധതിയിൽ അനുമതി ലഭിക്കുന്നതിന് 8041 കോടി രൂപയുടെ പദ്ധതികളും, ആലപ്പുഴയിൽ കൃഷിനാശം സംഭവിച്ചവർക്കായി 10 കോടി രൂപയുടെ ധനസഹായവും ആവശ്യപ്പെട്ടി

ട്ടുണ്ട്. തേയില, കാപ്പി, റബ്ബർ എന്നീ വിളകൾക്ക് 441 കോടി രൂപയുടേയും കമുക് കൃഷി പുനരുദ്ധാരണത്തിന് 49 കോടി രൂപയുടേയും മറ്റ് വിളകൾക്ക് 20 കോടി രൂപയുടേയും മലമ്പുഴയിൽ ഹോർട്ടിക്കൾച്ചർ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് 5 കോടി രൂപയുടേയും നെടുമ്പാശ്ശേരിയിൽ പഴം, പച്ച ക്കറി ശീതീകരണ സംവിധാനം ഏർപ്പെടുത്തുന്നതിന് 15 കോടി രൂപയുടേയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം കൊല്ലം, പത്തനംതിട്ട ജില്ലക ളിൽ വ്യാപിപ്പിക്കുന്നതിന് 5 കോടി രൂപയുടേയും ധനസഹായം ആവശ്യപ്പെ ട്ടിട്ടുണ്ട്. 'വിദർഭ മോഡൽ' കാർഷിക പാക്കേജിനായി 765.24 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. പത്തിലധികം കർഷകർ മരിച്ച വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയി ട്ടുള്ളത്. ഇടുക്കി, ആലപ്പുഴ ജില്ലകളെക്കൂടി ഉൾപ്പെടുത്താൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ മാത്രം 3200 കോടി രൂപ യിലധികം നഷ്ടം സംഭവിച്ചിട്ടുണ്ട്. അതിനാൽ ഈ ജില്ലകൾക്ക് സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷന്റെ കൂടുതൽ ധനസഹായം ലഭ്യമാക്കണമെന്ന് ആവ ശ്യപ്പെട്ടിട്ടുണ്ട്. അടയ്ക്ക കൃഷിക്കുവേണ്ടിയുള്ള 11 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് ലഭിക്കുന്ന കേന്ദ്രസഹായം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കു ന്നതാണ്. കാർഷിക മേഖലയിൽ തെങ്ങ്, കവുങ്ങ് തുടങ്ങിയവ യ്ക്കുണ്ടാകുന്ന രോഗങ്ങളെക്കുറിച്ചും പുത്തൻ സാങ്കേതികവിദ്യ ഉപയോ ഗിച്ച് നല്ലയിനം വിത്തുൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ചുമൊക്കെ ഗവേഷണം നടത്തുന്ന കാസർഗോഡ് തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ പ്രയോജനം കർഷകരിലെത്തിക്കാൻ ഗവണ്മെന്റ് ശ്രദ്ധിക്കുന്നതാണ്. കാർഷികമേഖല

യിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് പാലക്കാട്, ആലപ്പുഴ ജില്ലകളിൽ നടത്തിയതുപോലുള്ള കർഷക സംഗമങ്ങൾ തിരുവനന്തപുരം ഉൾപ്പെടെ യുള്ള ജില്ലകളിലും ഒക്ടോബർ മാസത്തിനുള്ളിൽ നടത്തുന്നതാണ്. കാർഷി കോൽപ്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്നതിനായി ഒരു പ്രൈസ് സ്റ്റെബി ലൈസേഷൻ ഫണ്ട് രൂപീകരിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരമായി ആവ ശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കാർഷികോൽപാദനം മെച്ചപ്പെടുത്തുന്നതി നായി പൊതുമേഖലയിൽ ഒരു ജൈവവള നിർമ്മാണശാല തുടങ്ങുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലാണ്. നെൽക്കൃഷി പ്രോൽസാഹിപ്പിക്കുന്നതി നായി പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ആവിഷ്കരിച്ചു നടപ്പിലാക്കിയ പലിശരഹിത വായ്പാ പദ്ധതി ആലപ്പുഴ, തൃശ്ശൂർ കോൾ മേഖലയിൽക്കൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പൊക്കാളി കൃഷിക്കാരുടെ പ്രശ്നം ഗവ ണ്മെന്റിന്റെ സജീവ പരിഗണനയിലാണ്. കാർഷിക കടാശ്വാസ കമ്മീഷനിൽ സമർപ്പിക്കേണ്ട അപേക്ഷാ ഫോറം ബന്ധപ്പെട്ട കൃഷിഭവനുകൾ വഴി വിത രണം നടത്തി അവ ലഭ്യമാകുന്ന മുറയ്ക്ക് പ്രോസ്സസ് ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മലമ്പുഴ പദ്ധതി വിപുലീകരിച്ച് ചേരമംഗലം കനാലിന്റെ വീതികൂട്ടി പാലക്കാട് ജില്ലയിലെ കർഷകരെ സഹാ യിക്കുന്ന കാര്യം കേന്ദ്ര ഗവണ്മെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് ഒരുപചോദ്യത്തിനു മറുപടിയായി ജലവിഭവ വകുപ്പുമന്ത്രി അറിയിച്ചു. കാർഷികമേഖലയിലേയ്ക്ക് പുതിയ തലമുറയെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ആലപ്പുഴ ജില്ലയിലെ കൃഷിക്കാരേയും കാർഷികവൃത്തിയേയും സംരക്ഷിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കു ന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

11 (*32) <u>കേരള ഹെൽത്ത് ടൂറിസം 2007</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, കൊച്ചിയിൽ സംഘടിപ്പിച്ച രാജ്യാന്തര ആരോഗ്യ വിനോദസഞ്ചാര സമ്മേളനമായ 'കേരള ഹെൽത്ത് ടൂറിസം 2007'-ൽ ആരോഗ്യ വിനോദസഞ്ചാര മേഖലയിൽ സംസ്ഥാനത്ത് വൻകുതിച്ചുചാട്ടം പ്രതീക്ഷിച്ചുകൊണ്ടുള്ള നിരവധി നിർദ്ദേശങ്ങൾ ഉയർന്നു വന്നതായി സഭയെ അറിയിച്ചു. ഇതനുസരിച്ച് ചികിൽസാർത്ഥം കേരളത്തി ലെത്തുന്ന സഞ്ചാരികളുടെ എണ്ണം അഞ്ചുവർഷം കഴിയുമ്പോൾ പ്രതിവർഷം ഒരു ലക്ഷമാക്കി ഉയർത്തുന്ന പ്രവർത്തനം എല്ലാ മേഖലയിലും തുടങ്ങാനും അമേരിക്ക, യൂറോപ്പ്, എന്നിവയ്ക്കുപുറമെ ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങ ളിൽ നിന്നും ചികിൽസ തേടിയെത്തുന്നവരെക്കൂടി കേരളത്തിലെ സ്വകാര്യ ആശുപത്രികൾ ലക്ഷ്യമിടണമെന്നും സമ്മേളനത്തിൽ നിർദ്ദേശമുണ്ടായി. ഉത്തരവാദിത്തപൂർണ്ണ ടൂറിസം എന്ന വിനോദസഞ്ചാര നയത്തെ മുൻനിർത്തി യാവണം സംസ്ഥാനത്തെ മെഡിക്കൽ ടൂറിസം വളരേണ്ടതെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആരോഗ്യ വിനോദസഞ്ചാരം വഴി ലഭിക്കുന്ന വരുമാന ത്തിൽ ഒരു വിഹിതം സാധാരണക്കാരന്റെ ചികിൽസയ്ക്കായി മാറ്റിവയ്ക്കു ന്നതിന് സ്വകാര്യ ആശുപത്രികളെ പ്രേരിപ്പിക്കണമെന്ന നിർദ്ദേശവും ഉരുത്തി രിഞ്ഞിട്ടുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന കേരളത്തിലെ ആശുപത്രികൾക്ക് അക്രഡിറ്റേഷൻ കൊണ്ടുവരുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തണ മെന്നും ആരോഗ്യ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനുവേണ്ടി ആയൂർവേദത്തിന്റെ വികസനത്തിൽക്കൂടി ശ്രദ്ധ ചെലുത്തണമെന്നും സമ്മേള നത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ

കേരളത്തിലെ വൻകിട സ്വകാര്യ ആശുപത്രികളിൽ ചികിൽസാച്ചെലവ് തീരെ കുറവായതിനാൽ രോഗികൾക്ക് ചികിൽസയ്ക്കും വിനോദസഞ്ചാരത്തിനും സൗകര്യമൊരുക്കിയാൽ കൂടുതൽ ഹെൽത്ത് ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് ആകർഷിക്കപ്പെടും എന്നുള്ളതുകൊണ്ട് ഇതിനായി ഈ രംഗത്തുള്ളവരെ പ്രേരിപ്പിക്കുകയും അന്താരാഷ്ട്ര വിപണിയിൽ ഇവിടത്തെ സൗകര്യങ്ങളെക്കുറിച്ച് അറിയിക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. കേരള ത്തിൽ ഇന്ന് ലഭ്യമായ ചികിൽസകളും അവയ്ക്കുള്ള ചെലവും മറ്റു സൗകര്യ ങ്ങളുമെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ബ്രോഷറുകൾ വകുപ്പ് പുറത്തിറക്കി യിട്ടുണ്ട്. ഇത്തരത്തിൽ വിദേശ ഹെൽത്ത് ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വൻതോതിൽ വർദ്ധനയുണ്ടാക്കി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും, രാജ്യത്തിന്റെ വിദേശനാണ്യത്തിലും നേട്ടങ്ങളുണ്ടാക്കുകയെന്നതാണ് ഹെൽത്ത് ടൂറിസംകൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി കോൺഫഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി (സി.ഐ.ഐ.) യുമായി ചേർന്ന് ചില നടപടി കൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. അന്താരാഷ്ട്രതലത്തിലുള്ള ഒരു സെമിനാറും എക്സിബിഷനും കൊച്ചിയിൽ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ വിദേശ രാജ്യങ്ങളിൽ ഹെൽത്ത് ടൂറിസവുമായി ബന്ധപ്പെട്ട് നടക്കുന്ന മേളകളിൽ കേരളത്തിലെ പ്രധാനപ്പെട്ട ആശുപത്രികളെക്കൂടി പങ്കെടുപ്പിക്കുന്നതിനും ശ്രദ്ധചെലുത്തിവരുന്നു. നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് എന്ന ദേശീയ അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ആശുപത്രി കളിൽ നിരവധി സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിനാൽ അത് നേടുന്ന കാര്യത്തിൽ ആശുപത്രികൾ തന്നെ സ്വയം നടപടികൾ തീരുമാനിക്കേണ്ട താണ്. ഹെൽത്ത് ടൂറിസം രംഗത്ത് വളരെയധികം സാധ്യതയുള്ള പെരിന്തൽമണ്ണയിലെ ആശുപത്രികളിൽ അക്രഡിറ്റേഷൻ സൗകര്യം ലഭ്യമാ

ക്കുകയാണെങ്കിൽ ഹെൽത്ത് ടൂറിസം മേഖലയിലെ സാദ്ധ്യതകളെയും ഉപയോഗപ്പെടുത്താൻ കഴിയും. സംസ്ഥാനത്ത് എത്തുന്ന ഹെൽത്ത് ടൂറിസ്റ്റു കളുടെ എണ്ണം കണക്കാക്കുന്നതിന് ഹോസ്പിറ്റലുകളുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ ചികിൽസാ സമ്പ്രദായങ്ങളെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ഹോളിസ്റ്റിക് സെന്ററുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്. ഗുണമേന്മയുള്ള ആയൂർവേദ മരുന്നുകൾ ലഭ്യമാക്കു ന്നതിനും  പ്രധാനപ്പെട്ട ആശുപത്രികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഹെൽത്ത് ടൂറിസം മാപ്പ് ഉണ്ടാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മൂന്നാറിൽ അന്താ രാഷ്ട്ര നിലവാരത്തിലുള്ള ഒരു ടൂറിസം കേന്ദ്രം ആരംഭിക്കും. ആയൂർവേദ ചികിൽസാ ചെലവുകൾ ഏകീകരിക്കാനും മസ്സാജ് കേന്ദ്രങ്ങൾ പരിശോധിച്ച് ക്ളാസ്സിഫിക്കേഷൻ നിശ്ചയിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

12 (*33) ഐ.ടി.ഐ.കൾ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് 21 പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ട്രെയിനിംഗ് ഡയറക്ടർ നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ഡി.ജി.ഇ.ടി. Director General of Employment and Training), ന്യൂഡൽഹി പുറപ്പെടുവിച്ചിട്ടുള്ള ട്രെയിനിംഗ് മാന്വൽ പ്രകാരം  പുതിയ  ഐ.ടി.ഐ.കൾ ആരംഭിക്കുവാനുള്ള അധികാരം അതാത് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.  തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്ഥലവും കെട്ടിടവും

ഫർണിച്ചറും ലഭ്യമാക്കുകയാണെങ്കിൽ അവയ്ക്ക് മുൻഗണന നൽകി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

13 (* 36) നെൽകൃഷി വികസനം

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതികളായ സമഗ്ര നെൽകൃഷി വികസനം, വായ്പാ സഹായ പദ്ധതി എന്നിവ സംയോജിപ്പിച്ച് 'കേരളശ്രീ' എന്ന നൂതന പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചുവരുന്നുണ്ടെന്നറിയിച്ചു.

14 (* 39) വെറ്ററിനറി കോളേജിലെ ഗവേഷണ പ്രവർത്തനങ്ങൾ

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെറ്ററിനറി കോളേജിൽ കന്നുകാലികൾ, ആട്, മുയൽ, കോഴി, കാട, ടർക്കി, താറാവ്, പന്നി, ആന, മറ്റു വന്യ ജീവികൾ, ഓമന മൃഗങ്ങൾ, പക്ഷികൾ എന്നിവയുടെ ഉൽപ്പാദനം, പ്രത്യുൽപ്പാദനം, മികച്ച ഇനങ്ങളെ ഉരുത്തിരിച്ചെടുക്കൽ, രോഗ നിർണ്ണയവും ചികിൽസയും, രോഗ-കീട നിയന്ത്രണ മാർഗ്ഗങ്ങൾ, വിവിധയിനം മാംസ ഉൽപ്പന്നങ്ങളുടെയും പാലുല്പന്നങ്ങളുടെയും ഉൽപ്പാദനം തുടങ്ങിയവയിൽ ഗവേഷണം നടന്നുവരുന്നുണ്ടെന്നറിയിച്ചു. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കൊക്കാലയിലും മണ്ണുത്തിയിലുമുള്ള മൃഗാശുപത്രികൾ/ബീജദാന കേന്ദ്രങ്ങൾ എന്നിവ കർഷക സെമിനാറുകളും ക്യാംപുകളും ആമ്പുലേറ്ററി ക്ളിനിക്കുകളും മൊബൈൽ ആനിമൽ റീപ്രൊഡക്ഷൻ യൂണിറ്റും വഴി ഗവേഷണ ഫലങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നു.

15 (* 50) എൻഡോസൾഫാന്റെ നിരോധനം

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 25.8.2001 മുതൽ സംസ്ഥാനത്ത് എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗം താൽക്കാലികമായും 12.8.2002 മുതൽ പൂർണ്ണമായും നിരോധിച്ചിട്ടുണ്ടെന്നറിയിച്ചു. വിൽപ്പനശാലകൾ കൃത്യമായി പരിശോധിച്ച് എൻഡോസൾഫാൻ വിൽക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ കൃഷി ഡയറക്ടറേറ്റിൽ നിന്നും എല്ലാ ജില്ലാ കൃഷി ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്), കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർ എന്നിവരടങ്ങുന്ന സംഘം അതിർത്തി പ്രദേശങ്ങൾ, കീടനാശിനി വിൽപ്പനശാലകൾ എന്നിവ പരിശോധിച്ച് എൻഡോസൾഫാൻ ഉപയോഗവും വിൽപ്പനയും തടയുന്നതു കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കീടനാശിനികൾ കൊണ്ടുവന്ന് ഉപയോഗിക്കുന്നതിനെതിരെ ശക്തമായ ബോധവൽക്കരണവും നിയന്ത്രണവും നിരന്തരം നടത്തുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ നിരോധന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി കൃഷി വകുപ്പ് ഡയറക്ടർ ചെയർമാനായും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെയും കേരള കാർഷിക സർവ്വകലാശാലയിലേയും സംസ്ഥാന ആരോഗ്യ വകുപ്പിലേയും മൂന്ന് വിദഗ്ദ്ധർ അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നതാധികാര സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

19 (232) <u>പ്രത്യേക ദുരന്തനിവാരണ സംഘത്തിന്റെ രൂപീകരണം</u>

അഗ്നി ശമനസേനാവിഭാഗത്തിനു കീഴിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ദുരന്ത നിവാരണ ഫണ്ടുപയോഗിച്ച് അത്യാധുനിക സംവിധാനങ്ങളോടുകൂടിയ പ്രത്യേക ദുരന്ത നിവാരണ സെൽ രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്. ദുരന്തങ്ങളെ നേരിടുവാനുള്ള എല്ലാവിധ ആധുനിക സജ്ജീകരണങ്ങളും സംഘത്തിന് ഏർപ്പെടുത്തുന്നതാണ്.

20 (238) <u>ജയിൽ അഡ്വൈസറി ബോർഡുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18-9-2006-ലെ സർക്കാർ ഉത്തരവുപ്രകാരം ജയിൽ ഡി.ജി.പി. (ചെയർമാനായും), ജില്ലാ കളക്ടർ, ജില്ലാ ജഡ്ജി, പോലീസ് സൂപ്രണ്ട്, 3 നോൺ ഒഫിഷ്യൽ അംഗങ്ങൾ എന്നിവർ മെമ്പർമാരായും പ്രസ്തുത ജയിൽ സൂപ്രണ്ട് (സെക്രട്ടറിയായും) 3 സെൻട്രൽ ജയിലുകളിലും നെട്ടുകാൽത്തേരി തുറന്ന ജയിൽ, വനിതാ ജയിൽ എന്നിവിടങ്ങളിലും ജയിൽ അഡ്വൈസറി ബോർഡുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്.

21 (244) <u>'എന്റെ ഗ്രാമം ടൂറിസം ഗ്രാമം' പദ്ധതി</u>

സംസ്ഥാനത്തെ ഗ്രാമങ്ങളിൽ ടൂറിസം സാദ്ധ്യതകളുള്ള പ്രദേശങ്ങളുടെയും പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെയും വികസനവും അതുവഴി ഗ്രാമങ്ങളിൽ ടൂറിസം സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് എന്റെ ഗ്രാമം ടൂറിസം ഗ്രാമം പദ്ധതി.

22 (249) <u>ഹോം സ്റ്റേ പദ്ധതി</u>

ടൂറിസ്റ്റുകൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള 'ഹോം സ്റ്റേ പദ്ധതി.' സംസ്ഥാനത്ത് നല്ല രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. വൃത്തിയും വെടിപ്പുമുള്ള മുറികളും പരിസരവും, നല്ല ടോയ്ലെറ്റ് സൗകര്യങ്ങൾ, നല്ല ഫർണിച്ചറുകൾ, വൃത്തിയുള്ള അടുക്കള, രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾ, ടൂറിസ്റ്റുകളുടെ സുരക്ഷ, ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാമീപ്യം, പരിസ്ഥിതി-സൗഹൃദരീതികൾ തുടങ്ങിയവയെ ആധാരമാക്കിയാണ് പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകുന്നത്.

23 (264) <u>അഴിമതി നിർമ്മാർജ്ജനം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 215 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ 131 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

24 (309) <u>എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം</u>

30.4.2007 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 39,11,466 ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

25 (319) <u>കർഷക തൊഴിലാളി -ക്ഷേമനിധി</u>

കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിനു കീഴിൽ സംസ്ഥാനത്താകമാനം 1884854 ആളുകൾ അംഗങ്ങളായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്ഷേമനിധി ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന

വിവിധ ക്ഷേമ പദ്ധതികളിലായി 2007 മാർച്ച് 31 വരെ 90,73,70,000/-രൂപ വിതരണം ചെയ്യാൻ കുടിശ്ശികയായിട്ടുണ്ട്.

26 (323) <u>തേയിലത്തോട്ടങ്ങൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടഞ്ഞു കിടന്ന 5 തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

27 (326) <u>കള്ളുഷാപ്പുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2002-03-ൽ അടച്ചിട്ട 1610 കള്ളുഷാപ്പുകൾ പുതിയതായി അനുവദിക്കുന്നതിനുള്ള അംഗീകാരം നൽകുകയും 848 ഷാപ്പുകൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

28 (347) <u>റോഡുകളുടെ പുനർ നിർമ്മാണം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരത്തുകൾ വിഭാഗത്തിൽ ഏകദേശം 1800 കി.മീ.റോഡുകളുടെ ഉപരിതലം പുതുക്കുകയും 7500 കി.മീ. റോഡുകളുടെ കുഴി അടയ്ക്കുകയും മറ്റ് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.. ദേശീയ പാതകളിൽ 1222 കി.മീ. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. 100 കി.മീ. റോഡ് അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. തകർന്ന റോഡുകളുടെയെല്ലാം നിർമ്മാണ പ്രവർത്തനം അടിയന്തിരമായി നടത്തണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിരത്തുകൾ വിഭാഗത്തിൽ നടപ്പു സാമ്പത്തിക വർഷം 55 കോടി രൂപയുടെ അറ്റകുറ്റപ്പണികൾക്ക് ഭരണാനുമതി നൽകി പ്രവൃത്തികൾ നടന്നുവരുന്നു.